**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ലൈബ്രറി കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട KSR ബാധകമായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് പ്രത്യേക ആകസ്മിക അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (പി.യു.സി) വകുപ്പ്**

**സ.ഉ(അച്ചടി) നം. 69/2018/ധന തിരുവനന്തപുരം,തീയതി, 20.04.2018.**

പരാമർശം: 1. 29/07/2017 -ലെ സ.ഉ(അച്ചടി)നം.99/2017/ധന.

2. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിയുടെ 23/11/2017 -ലെ 2894/2016 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം ലൈബ്രറി കൗൺസിലിന്റെ താലൂക്ക് - ജില്ലാ- സംസ്ഥാന കൗൺസിലുകളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അതാത് കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് അതാത് കൗൺസിൽ പ്രസിഡന്റുമാർ നൽകുന്ന ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു കലണ്ടർ വർഷത്തിൽ പരമാവധി 20 ദിവസത്തെ പ്രത്യേക ആകസ്മിക അവധി അനുവദിച്ചു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം രണ്ട് പ്രകാരം പ്രസ്തുത അവധി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമാക്കണമെന്ന് ആവശ്യപ്പെട്ട് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, സെക്രട്ടറി സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിരുന്നു.

സർക്കാർ പ്രസ്തുത ആവശ്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുവദിച്ചതിനു സമാനമായി ലൈബ്രറി കൗൺസിലിന്റെ താലൂക്ക്-ജില്ലാ-സംസ്ഥാന കൗൺസിലുകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന KSR ബാധകമായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അതാത് കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് അതാത് കൗൺസിൽ പ്രസിഡന്റുമാർ നൽകുന്ന ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു

കലണ്ടർ വർഷത്തിൽ പരമാവധി 20 ദിവസത്തെ പ്രത്യേക ആകസ്മിക അവധി അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പ്രീത. ബി. എസ്**
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
3. പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് (BPE) വകുപ്പ്
4. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും / ബോർഡുകളുടെയും/ കോർപ്പറേഷന്റെയും ചീഫ് എക്സിക്യൂട്ടീവ്സ്.
5. ലേബർ കമ്മീഷണർ, തിരുവനന്തപുരം.
6. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ /സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ / അണ്ടർ സെക്രട്ടറിമാർ
7. ഗവർണ്ണറുടെ സെക്രട്ടറി
8. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
9. സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
10. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
11. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
12. പബ്ലിക് റിലേഷൻ ഡയറക്ടർ, തിരുവനന്തപുരം
13. നോഡൽ ഓഫീസർ www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ